## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4880** **18.12.2014-ൽ മറുപടിക്ക്**

**ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ പാലങ്ങളുടെ പ്രവൃത്തി**

| ചോദ്യം<br>ശ്രീ.ടി.വി. രാജേഷ് | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|
| (എ) കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച ഏതൊക്കെ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് ആരംഭിക്കാൻ ബാക്കിയുള്ളത്; പ്രസ്തുത പാലങ്ങ-ൾക്ക് ഭരണാനുമതി ലഭിച്ചതെപ്പോൾ; പ്രസ്തുത പാലങ്ങൾക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീക-രിച്ചിട്ടുള്ളത്; | (എ) കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ഇരിണാവ് പാലം നിർമ്മിക്കുന്നതിന് 14.07.2009 തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) നമ്പർ 1044/09/ പൊ.മ.വ അനുസരിച്ച് 925 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. അപ്രോച്ച് റോഡ് നിർമ്മാണത്തിനാ-വശ്യമായ സ്ഥലം സൗജന്യമായി ലഭിക്കാത്തതിനാൽ പ്രവൃത്തി തുടങ്ങുന്നതിനുള്ള തുടർ നടപടികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) എത്രയും വേഗം പുതുക്കിയ ഭരണാ-നുമതി ലഭ്യമാക്കി പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കു-ന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ആവശ്യമായ സ്ഥലം ലഭ്യമായാൽ പുതുക്കിയ ഭരണാനുമതി നൽകുന്നതി-നുള്ള നടപടികൾ സ്വീകരിക്കുന്ന-താണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ